"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് -കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ 2013-14 & 2014-15 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 1,50,945/- രൂപയുടെ ചെലവ്-സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.ബി)വകുപ്പ്

സ.ഉ.(സാധാ) നം.2181/2025/LSGD തീയതി,തിരുവനന്തപുരം, 08-09-2025

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 03/08/2020-ലെ PAN/8004/2020-M3(DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 11/08/2021-ലെ DKSA/1398/2020/PT1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിൽ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതിയായ പ്രീപ്രൈമറി കുട്ടകൾക്ക് പോഷകാഹാരം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. അംഗനവാടി വഴി പ്രീപ്രൈമറി കുട്ടികൾക്ക് പോഷകാഹാരം എന്ന പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തുക ചെലവഴിച്ചതിനാലാണ് 1,50,945/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളത്.

2) 18/05/2016-ൽ ചേർന്ന കൊറ്റങ്കര പഞ്ചായത്ത് ഭരണ സമിതി യോഗം ഓഡിറ്റ് തടസ്സവും നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടിയും വിശദമായി ചർച്ച ചെയ്തിരുന്നു. കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ എത്തിപ്പെടുന്ന പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ സാധാരണക്കാരും പാവപ്പെട്ട തൊഴിലാളി കുടുബങ്ങളിൽ ഉൾപ്പെട്ടവരുമാണ്. ടി സാഹചര്യത്തിലാണ് പ്രീപ്രൈമറി ക്ലാസ്സുകളിൽ എത്തുന്ന കുട്ടികളുടെ ആരോഗ്യ പരിരക്ഷ കൂടി ഉറപ്പാക്കുന്നതിനുവേണ്ടി മേൽപദ്ധതി പഞ്ചയാത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയതിലൂടെ പ്രീപ്രൈമറി ക്ലാസ്സുകളിൽ കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനും അവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതായി ഭരണ സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ 2013-14, 2014-15 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 1,50,945/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം അനുവദിക്കണമെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്. കൊറ്റങ്കര ഗ്രാമപഞ്ചായത്ത് തീരുമാനവും ഓഡിറ്റ് തടസ്സവും 10/02/2020 തീയതിയിലെ കൊല്ലം ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി ചർച്ച ചെയ്തിരുന്നതും സർക്കാർ

സാധൂകരണത്തിനായി ശിപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണ സമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശിപാർശ എന്നിവ സഹിതം അനുകൂല ശിപാർശയോടെ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3) കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 35 സബ്ബിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതിയായ പ്രീപ്രൈമറി പോഷകാഹാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കിയതിനാൽ സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് ഖണ്ഡികയിൽ തന്നെ നിർദേശിച്ചിട്ടുള്ളതിനാലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി എന്നിവയുടെ ശിപാർശയും പരിഗണിച്ച് സർക്കാർ സാധുകരണം നൽകുന്നതിന് ഈ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായി തീരുമാനം കൈകൊള്ളാവുന്നതാണെന്നും പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സദുദ്ദേശത്തോടെ നടത്തിയ പദ്ധതിയായതിനാലും പദ്ധതിയുടെ ഭൗതിക നേട്ടം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായതിനാലും പഞ്ചായത്ത് ഭരണ സമിതിയുടെ ശിപാർശ,ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെയും അനുകൂല ശിപാർശകൾ എന്നിവ പരിഗണിച്ചും ഭാവിയിൽ പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിക്കരുതെന്ന നിർദ്ദേശത്തോടെയും കൊല്ലം ജില്ലയിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ 2013-14 & 2014-15 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 1,50,945/- (ഒരു ലക്ഷത്തിഅമ്പതിനായിരത്തി തൊള്ളായിരത്തിനാൽപ്പത്തി അഞ്ച് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,കൊറ്റങ്കര ഗ്രാമപഞ്ചായത്ത്, കൊല്ലം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB1/54/2020-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 08-09-2025 12:08:42